ഇത് ഉപയോഗ ശൂന്യമായികിടന്നിരുന്ന ഒരു ഷെഡ്ഡാണ്. അതിലാണ് മരം വീണ് നശിച്ചുപോയത്. ആ കെട്ടിടം മരം വീണ് നശിച്ചു പോയതുകൊണ്ട് അവിടെ ക്ലാസുകൾ നടത്താൻ കഴിയുന്നില്ല എന്നു പറയുന്നത് ശരിയല്ല. ആ സ്കൂളിൽ സ്ഥലപരിമിതിയുണ്ട്. അത് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു വിദ്യാലയമാണ്. പണത്തിന്റെ ലഭ്യതയനുസരിച്ച് ഈ വർക്കുകൾ ഏറ്റെടുക്കാൻ മുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

## (10) കുട്ടനാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെയും പാലങ്ങളുടെയും പണി

ഡോ. കെ. സി. ജോസഫ്: സർ, അപ്പർ കുട്ടനാട്—ലോവർ കുട്ടനാട് മേഖലകളെ യോജിപ്പിക്കുന്നതിനും, തിരുവല്ല, തകഴി, എ. സി. റോഡ് എന്നീ റോഡുകളെ ബന്ധിപ്പിക്കുന്നതിനും കുട്ടനാടിന്റെ ഡെവലപ്പ്മെന്റിനും ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് മുട്ടാർ—സെൻട്രൽ റോഡ്. അതിൽ പാലങ്ങൾക്കും റോഡ് പണിക്കും 1973-ൽ ഗവൺമെന്റ് ഭരണാനുമതി നൽകിയതാണ്. ഈ റോഡിന്റെ പണി കോൺട്രാക്ടർമാർ ഇട്ടിട്ട് പോയതുകൊണ്ട് അതിന്റെ ഒരു ഭാഗം പണി ഇനിയും പൂർത്തീകരിച്ചിട്ടില്ല. അതുപോലെ അതിന്റെ ബാലൻസ് പോർഷൻ (എ. സി. റോഡുമായി ബന്ധിക്കുന്നതായ റോഡ്) പണിയും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. കോൺട്രാക്ടർ ഉപേക്ഷിച്ചു പോയ വർക്കിന്റെ ബാക്കി ഭാഗവും പണി ഏറ്റെടുക്കാനുള്ള ഭാഗവും പണി പൂർത്തിയാക്കുന്നതിന് ഏതാണ്ട് 29 ലക്ഷം രൂപ ചെലവാകും. ഈ വർഷത്തെ ബഡ്ജറ്റിൽ അതിന് ആവശ്യമായ 13 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ ഈ പണി ഏറ്റെടുക്കണമെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട പാലമായ കൈതത്തോട് പാലത്തിന്റെ പണി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. രണ്ടുവർഷമായി ഒരു സ്പാനിന്റെ ഡെക്ക് മാത്രം വാർക്കുവാൻ ബാക്കിയിരിക്കേ കൺസ്ട്രക്ഷൻ കോർപ്പറേഷൻ പണി ഉഴപ്പിയിരിക്കുന്നു. ആ പണി പൂർത്തീകരിച്ചാൽ മാത്രമേ ഈ റോഡിന്റെ പണി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. അതുപോലെ പണി ഏറ്റെടുക്കാത്ത കരുടാകരി, അമ്പലത്തോട് എന്നീ രണ്ട് പാലങ്ങൾക്ക് 11.99 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആ പശ്ചാത്തലത്തിൽ ഈ റോഡിന്റെ പണി മുഴുവൻ ഈ വർഷം ഏറ്റെടുക്കുവാനും ബാക്കി ഏറ്റെടുക്കുവാനുള്ള കൈതത്തോട് പാലത്തിന്റെ പണി പൂർത്തികരിക്കാനും അമ്പലത്തോട്, കരുടാകരി പാലങ്ങൾ ഈ വർഷം ഏറ്റെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ മുട്ടാർ—സെൻട്രൽ റോഡിന്റെ പണി ആരംഭിച്ചതാണ്. ആദ്യത്തെ കോൺട്രാക്ടർ ഇട്ടിട്ട് പോയി. രണ്ടാമത് ഒരു കോൺട്രാക്ടറെ ഏൽപ്പിച്ചു. അദ്ദേഹം 40 ശതമാനം വർക്ക് ചെയ്തു. വീണ്ടും ഇട്ടേച്ച് പോയി. മൂന്നാമത് ഒരു കോൺട്രാക്ടർക്ക് കൊടുക്കേണ്ട ഗതികേടാണ് ഇപ്പോഴുള്ളത്. ഇതിന്റെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ നടന്നുവരികയാണ്. ഈ റോഡിൽ 4 പാലങ്ങൾ ഉള്ളതിൽ 2 പാലങ്ങൾ കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചു. പള്ളിത്തോട് പാലത്തിന്റെ പണി പൂർത്തിയായി. കൈതത്തോട് പാലത്തിന്റെ പണി നടന്നുവരികയാണ്. അത് പൂർത്തിയാകുന്നതോടുകൂടി ബാക്കി റോഡുകളുടെ ഭാഗത്തിനും മറ്റ് 2 പാലങ്ങളുടെ പണിക്കും അനുമതി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: സർ, ശ്രീ. കെ. ശിവദാസൻ മന്ത്രി രാജിവയ്ക്കേണ്ടതാണ്.

മി. സ്പീക്കർ: അങ്ങനെ സംസാരിക്കാൻ അനുവദിച്ചിട്ടില്ല..... I have not allowed you to raise anything on this matter.

## IV. മേശപ്പുറത്തു വച്ച കടലാസുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986 മേയ് 5-ാം തീയതിയിലെ ജി. ഒ. എം. എസ്. നമ്പർ 144/86/ ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 916/86).

(2) 1986 മേയ് 21-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 163/86 ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 968/86).

(3) 1986 ഏപ്രിൽ 25-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 62/86/ റെവ. ഡി. (എസ്. ആർ. ഒ. നമ്പർ 832/86.)

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തുവയ്ക്കുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1983 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തെ കണക്കുകളെ സംബന്ധിച്ച കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിന്റെ കമൻറ്സ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തു വയ്ക്കുന്നു.

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ 1983-84 വർഷത്തേക്കുള്ള വാർഷിക കണക്ക്, ആഡിറ്റ് സർട്ടിഫിക്കറ്റ് സഹിതം.

## V. ധനകാര്യം

### 1986-87-ലെ ബഡ്ജറിലേയ്ക്കുള്ള സപ്ലിമെൻറ്ററി ഗ്രാൻറിനെയും 1981-82, 1982-83, 1983-84 എന്നീ വർഷങ്ങളിലേയ്ക്കുള്ള എക്സസ് ഗ്രാൻറിനേയും സംബന്ധിച്ചുള്ള ധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, സംസ്ഥാന രേണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ, എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200 രൂപയുടേയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും മെഡിക്കൽ എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,20,500 രൂപയുടേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,56,000 രൂപയുടേയും, പൊതുജനാരോഗ്യം എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും, ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,83,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly